**GOVERNMENT OF KERALA**

**Abstract**

Government Law Officers – Regularization of service of Sri.G.Prakash, Standing Counsel of the Supreme Court and Special engagement of him in inter State water dispute cases on behalf of the State- Orders issued.

**LAW (INSPECTION ) DEPARTMENT**

G.O (Ms) No.79 /21/Law. Dated, Thiruvananthapuram,23-12-2021.

Read:- 1. G.O. (P) No. 11/78/Law dated 25/01/1978.
2. G.O.(Ms) 108/2016/Law dated 30-06-2016.
3. G.O.(Ms).59/2019/Law dated 03-07-2019
4. Letter No. No.SS-GK 24/2021/AG dated 23/11/2021 of the Advocate General.

**ORDER**

Government have decided to regularize the service of Sri.G.Prakash, Standing Counsel in the Hon'ble Supreme Court from 17-10-2018 to 22-12-2021, as a special case, by relaxing the proviso to Rule 13(2) of the Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases Rules, 1978 and rescind his service as Standing Counsel for the State of Kerala w.e.f from 22-12-2021.

The Government have also decided to give special engagement to Sri.G.Prakash in the following cases for appearing along with senior advocate before the Hon'ble Supreme Court on behalf of the State of Kerala and to give necessary instructions to them,-

| Sl. No. | Cases |
|---|---|
| 1. | Cauvery Water Dispute Case<br>(CA 2453, 2454 & 2456 of 2007, O.S. 3/2002 & 3/2001) |
| 2. | MA No.3127 of 2018 in CA 2453 of 2007 |
| 3. | Neyyar Water Dispute Case (O.S.No.2/2012) |
| 4. | Parambikulam Aliyar Project (O.S.No.2/2013) |
| 5. | Mullaperiyar Case (Mega Car Parking) O.S.No.4/2014 |

| | |
|---|---|
| 6. | Mullaperiyar Dam Case (O.S.No.3/2006) |
| 7. | CA 19581-19582 of 2017 |
| 8. | Contempt Petition No.675-676 of 2019 in CA No.19581-19582 of 2017 |
| 9. | W.P.(C) No.880 of 2020 |
| 10. | S.P.(C) No.3924 of 2021 |
| 11. | O.S.No.03 of 2021 (Cauvery) |
| 12. | WP(C) No.771 of 2021 |
| 13. | WP(C) No.1225 of 2021 |

By Order of the Governor,
V. HARI NAIR,
LAW SECRETARY.

To

1. Sri.G.Prakash, Advocate (through Advocate General, Kerala, Ernakulam).
2. The Advocate General, Kerala, Ernakulam.
3. The Registrar, High Court of Kerala, Ernakulam (With C/L).
4. The Accountant General (A&E), (Audit), Kerala, Thiruvananthapuram.
5. P.S. to Hon'ble Chief Minister.
6. P.S. to Hon'ble Minister for Law, Industries & Coir.
7. The Resident Commissioner, Kerala House, New Delhi
8. The Secretary, Water Resources Department.
9. The GA (SC) Department vide decision of Council of Ministers in item No.453 dated 22-12-2021.
10. The District Treasury Officer, Ernakulam
11. The Director of Public Relations, Thiruvananthapuram
12. The P.A to the Law Secretary.
13. The C.A. to Additional Law (Inspection) Department
14. Law (Nodal) Department
15. The Information Officer, Web & New Media, Information & Public Relations Department.
16. Stock File/Office Copy.

*Forwarded/By Order*

*Section Officer*

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-12-2021

16) ഫയൽ നം. 20201/ഇൻസ്‌പെ.1/2021/നിയമം. ഇനം നം: 453

വിഷയം : നിയമ വകുപ്പ് - ബഹു. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസലായ ശ്രീ. ജി. പ്രകാശിന്റെ സേവനകാലയളവ് ക്രമപ്പെടുത്തി സേവനം അവസാനിപ്പിക്കുന്നതും ടിയാന് മുല്ലപ്പെരിയാർ ഡാം കേസ്, കാവേരി നദീജലതർക്ക കേസ് തുടങ്ങിയ കേസുകളിൽ സ്പെഷ്യൽ എൻഗേജ്മെന്റ് നൽകുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

4553

.15

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.20201/ഇൻസ്പെ.1/2021/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ബഹു. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസലായ ശ്രീ.ജി.പ്രകാശിന്റെ സേവന കാലയളവ് ക്രമപ്പെടുത്തി സേവനം അവസാനിപ്പിക്കുന്നതും ടിയാന് മുല്ലപ്പെരിയാർ ഡാം കേസ്, കാവേരി നദീ ജലതർക്ക കേസ് തുടങ്ങിയ കേസുകളിൽ സ്പെഷ്യൽ എൻഗേജ്മെന്റ് നൽകുന്നതും സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07-12-2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിജു വർഗ്ഗീസ് ഇരുമല |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. വി. ഹരി നായർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13/12/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14/12/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17/12/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18/12/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

15) ബഹു. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസലായ ശ്രീ.ജി.പ്രകാശിന്റെ നിയമന കാലാവധി പൂർത്തിയായ ശേഷമുള്ള സേവന കാലയളവ് ക്രമപ്പെടുത്തി പ്രസ്തുത സേവനം അവസാനിപ്പിക്കുന്നതും ടിയാന് മുല്ലപ്പെരിയാർ ഡാം കേസ്, കാവേരി നദീ ജലതർക്ക കേസ് തുടങ്ങിയ കേസുകളിൽ സ്പെഷ്യൽ എൻഗേജ്മെന്റ് നൽകുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ.ജി.പ്രകാശ്, അഡ്വക്കേറ്റ്, 128, ന്യൂ ലോയേഴ്സ് ചേമ്പർ, സുപ്രീം കോടതി, ന്യൂഡൽഹി-1 -നെ ബഹു. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസലായി 30-06-2016 തീയതിയിലെ ജി.ഒ.(എം.എസ്).108/16/ നിയമം നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിരുന്നുവെന്നും തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 03-07-2019 ലെ G.O.(Ms).59/19/Law പ്രകാരം മൂന്നുവർഷക്കാലയളവിലേയ്ക്ക് ടിയാന്റെ നിയമന കാലാവധി വീണ്ടും ദീർഘിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ 1978-ലെ കെ.ജി.എൽ.ഒ ചട്ടത്തിലെ 13-ാം ചട്ടപ്രകാരം സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽമാരുടെ സേവനകാലാവധി 65 വയസ്സാകുന്ന മുറയ്ക്ക് സ്വമേധയാ അവസാനിക്കുന്നതാണ്. ശ്രീ.ജി.പ്രകാശിന് 17-10-2018 തീയതിയിൽ 65 വയസ്സ് പൂർത്തിയായിട്ടുള്ളതാണ്. ആയതിനാൽ ടിയാന്റെ നിയമന കാലാവധി 17-10-2018 തീയതിയിൽ അവസാനിച്ചിട്ടുള്ളതാണെന്നും, പ്രസ്തുത തീയതി മുതലുള്ള ടിയാന്റെ സേവന കാലാവധി ടി ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും അഡ്വക്കേറ്റ് ജനറൽ 23-11-2021 തീയതിയിലെ SS-GK 24/2021/AG നമ്പർ കത്ത് മുഖേന അറിയിച്ചിരിക്കുന്നു.

3.മേൽ സാഹചര്യത്തിൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിപരീതമായാണ് ടിയാൻ 17-10-2018 തീയതി മുതൽ ടി തസ്തികയിൽ തുടർന്നതെങ്കിലും സംസ്ഥാന സർക്കാരിന്റെ ഒരു അഭിഭാഷകനെന്ന നിലയിൽ ടിയാന്റെ സേവനം സർക്കാർ ഉപയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ചു കൊണ്ട്, ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് ചെയ്തുകൊണ്ട് 17-10-2018 മുതലുള്ള ടിയാന്റെ സേവനം ക്രമപ്പെടുത്തി പ്രസ്തുത സേവനം അവസാനിപ്പിക്കണമെന്നും അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിരിക്കുന്നു.

4. മുല്ലപ്പെരിയാർ ഡാം കേസ്, കാവേരി നദീജല തർക്ക കേസ് തുടങ്ങിയ കേസുകളുമായി ബന്ധപ്പെട്ട റിട്ട് പെറ്റീഷനുകളിലും ആയതുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളിലും സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരാകുന്നത് ശ്രീ.ജി.പ്രകാശാണ്. ടി കേസുകളുടെ പ്രാധാന്യവും ടി കേസിൽ സീനിയർ അഭിഭാഷകർക്ക് ഇൻസ്ട്രക്ഷൻസ് ലഭ്യമാക്കുന്നതും കണക്കിലെടുത്താൽ ടി കേസുകളുടെ നടത്തിപ്പിൽ നിന്നും അഭിഭാഷകനെ മാറ്റുന്നത് പലവിധ ബുദ്ധിമുട്ടുകൾക്കും കാരണമാകുമെന്നും ആയതിനാൽ ബഹു. സുപ്രീം കോടതിയിൽ പെൻഡിംഗിലിരിക്കുന്ന അനുബന്ധ പട്ടികയിൽ പറയുന്ന കേസുകളിൽ സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരാകുവാൻ ടിയാന് സ്പെഷ്യൽ എൻഗേജ്മെന്റ് നൽകുന്ന കാര്യം പരിഗണിക്കണമെന്നും അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്തിരിക്കുന്നു.

5. 29-06-2016 തീയതിയിലെ മന്ത്രിസഭായോഗത്തിന്റെ ഐറ്റം നം.OA.64 ആയി ശ്രീ.ജി.പ്രകാശിനെ ബഹു. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കുവാൻ തീരുമാനിച്ചിരുന്നതും ആയത് പ്രകാരം 30-06-2016 തീയതിയിലെ ജി.ഒ.(എം.എസ്).108/16/നിയമം നമ്പർ ഉത്തരവ് പ്രകാരം ടിയാന് നിയമനം നൽകിയിരുന്നതുമാണ്. ടിയാന് 01-07-2019 തീയതി മുതൽ മൂന്ന് വർഷക്കാലയളിവിലേയ്ക്ക് കൂടി കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചതിൻ പ്രകാരം 03-07-2019 തീയതിയിലെ മന്ത്രിസഭായോഗത്തിന്റെ ഐറ്റം നം.OA.3158 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 03-07-2019 തീയതിയിലെ ജി.ഒ.(എം.എസ്).59/19/നിയമം നമ്പർ ഉത്തരവ് മുഖേന ടിയാനെ ടി തസ്തികയിൽ 01-07-2019 തീയതി മുതൽ മൂന്നുവർഷക്കാലയളവിലേയ്ക്ക് പുനർ നിയമിച്ചിട്ടുള്ളതാണ്.

6. 17-10-2018 തീയതിയിൽ ശ്രീ.ജി.പ്രകാശിന് 65 വയസ്സ് പൂർത്തിയായിട്ടുള്ളതാണ് എന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളുടെ ചട്ടം 13(2)ന്റെ പ്രൊവിസോ പ്രകാരം ടിയാന്റെ സേവന കാലാവധി 16-10-2018 തീയതിയിൽ അവസാനിച്ചിട്ടുള്ളതാണ്.

7. ശ്രീ.ജി.പ്രകാശ് ടിയാന് 65 വയസ്സ് പൂർത്തിയായ 17-10-2018 തീയതി മുതൽ നാളിതുവരെ സ്റ്റാൻഡിംഗ് കൗൺസലായി തുടർന്നിരുന്നതിനാലും ടിയാന്റെ സേവനം സർക്കാർ ഉപയോഗിച്ചിട്ടുള്ളതിനാലും പ്രസ്തുത കാലയളവിലെ ടിയാന്റെ സേവനം ആയത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകി ക്രമീകരിച്ചു നൽകേണ്ടത് അനിവാര്യമായി കാണുന്നു.

8. അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയ അനുബന്ധ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന കേസുകളിൽ മാത്രം ശ്രീ.ജി.പ്രകാശിന് ഒരു സ്പെഷ്യൽ എൻഗേജ്മെന്റ് നൽകാവുന്നതാണോ എന്നതിൽ ഉത്തരവാകേണ്ടതും സ്പെഷ്യൽ എൻഗേജ്മെന്റ് സംബന്ധിച്ച് ടിയാന്റെ സേവന വേതന വ്യവസ്ഥകളും നിശ്ചയിക്കേണ്ടതുണ്ട്.

9. മേൽ സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളുടെ ചട്ടം 13(2)-ലെ ക്ലിപ്ത നിബന്ധനയ്ക്ക് ഇളവ് വരുത്തിക്കൊണ്ട്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീ.ജി.പ്രകാശിന്റെ 17-10-2018 തീയതി മുതലുള്ള സേവന കാലയളവ് ക്രമപ്പെടുത്തി, സ്റ്റാൻഡിംഗ് കൗൺസൽ എന്ന നിലയിലുള്ള സേവനം അവസാനിപ്പിക്കുന്ന വിഷയവും ടിയാനെ അനുബന്ധ പട്ടികയിൽ പറഞ്ഞിരിക്കുന്ന കേസുകളിൽ സീനിയർ അഭിഭാഷകരോടൊപ്പം ബഹു. സുപ്രീം കോടതി മുമ്പാകെ ഹാജരാകാനും അവർക്ക് വേണ്ട ഇൻസ്ട്രക്ഷൻസ് നൽകുവാനും ഒരു സ്പെഷ്യൽ എൻഗേജ്മെന്റ് നൽകുന്ന വിഷയവും മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 07-12-2021 തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതാണ്.

**തീരുമാനിക്കേണ്ട സംഗതികൾ**

1. 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളുടെ ചട്ടം 13(2)-ലെ ക്ലിപ്ത നിബന്ധനയ്ക്ക് ഇളവ് വരുത്തിക്കൊണ്ട് ശ്രീ.ജി.പ്രകാശിന്റെ 17-10-2018 തീയതി മുതൽ നാളിതുവരെയുള്ള സേവന കാലയളവ് ഒരു പ്രത്യേക കേസായി പരിഗണിച്ച് ക്രമപ്പെടുത്തി ടിയാന്റെ സ്റ്റാൻഡിംഗ് കൗൺസൽ ആയുള്ള സേവനം അവസാനിപ്പിക്കാവുന്നതാണോ?

2. അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന കേസുകളിൽ സീനിയർ അഭിഭാഷകരോടൊപ്പം ബഹു. സുപ്രീം കോടതി മുമ്പാകെ ഹാജരാകാനും അവർക്ക് വേണ്ട ഇൻസ്ട്രക്ഷൻസ് നൽകുവാനും ഒരു സ്പെഷ്യൽ എൻഗേജ്മെന്റ് ശ്രീ.ജി.പ്രകാശിന് നൽകാവുന്നതാണോ ?

## അനുബന്ധം

| Sl. No. | Cases |
|---|---|
| 1. | Cauvery Water Dispute Case<br>(CA 2453, 2454 & 2456 of 2007, O.S. 3/2002 & 3/2001) |
| 2. | MA No.3127 of 2018 in CA 2453 of 2007 |
| 3. | Neyyar Water Dispute Case<br>(O.S.No.2/2012) |
| 4. | Parambikulam Aliyar Project<br>(O.S.No.2/2013) |
| 5. | Mullaperiyar Case (Mega Car Parking)<br>O.S.No.4/2014 |
| 6. | Mullaperiyar Dam Case<br>(O.S.No.3/2006) |
| 7. | CA 19581-19582 of 2017 |
| 8. | Contempt Petition No.675-676 of 2019 in CA No.19581-19582 of 2017 |
| 9. | W.P.(C) No.880 of 2020 |
| 10. | S.P.(C) No.3924 of 2021 |
| 11. | O.S.No.03 of 2021 (Cauvery) |
| 12. | WP(C) No.771 of 2021 |
| 13. | WP(C) No.1225 of 2021 |